(ഇ) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്നാണ് കേസ് ചാർജ് ചെയ്തത് ;

(എഫ്) ഈ കേസിലെ പ്രതികളെ പിടികിട്ടിയോ ?

ഉത്തരം

(എ) ദേഹോപദ്രവങ്ങളും മോഷണങ്ങളും കൂടി 1348 കേസ്സുകൾ ഉണ്ടായിട്ടുണ്ട് .

(ബി) 238.

(സി) 1110 കേസ്സുകൾ.

(ഡി) ഉണ്ട്.

(ഇ) 8-9-1986-ൽ.

(എഫ്) ഇല്ല.

സരസൻ കേസ്

18. [28] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സരസൻ കേസ് എന്ന് അറിയപ്പെടുന്ന സരസന്റെ തിരോധാനത്തെക്കുറിച്ചുള്ള ക്രൈം കേസ് രജിസ്റ്റർ ചെയ്തത് ഏത് പോലീസ് സ്റ്റേഷനിലായിരുന്നു ;

(ബി) അതിന്റെ ക്രൈം നമ്പർ എത്ര ;

(സി) പ്രസ്തുത കേസിൽ ചോദ്യം ചെയ്യപ്പെട്ട സാക്ഷികൾ എത്ര ;

(ഡി) ചോദ്യം ചെയ്യപ്പെട്ട സാക്ഷികളിൽ ആരെങ്കിലും അന്വേഷണോദ്യോഗസ്ഥന്റെ പേരിൽ അന്യായം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ചവറ പോലീസ് സ്റ്റേഷനിൽ 10/81-ാം നമ്പരായി "മാൻ മിസ്സിംഗ്" എന്ന ശീർഷകത്തിലും തുടർന്ന് ക്രൈം ബ്രാഞ്ചിൽ 18/സി. ആർ/81 ആയും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) 330 പേരെ ചോദ്യം ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ചവറ പട്ടത്താനം വാർഡിൽ അബ്ദുള്ള കുഞ്ഞിന്റെ മകൻ ജലാലുദ്ദീൻ ഡി. വൈ. എസ്. പി. ആയിരിക്കുന്ന ശ്രീ. ജോളി, ഡിറക്റ്റീവ് സബ് ഇൻസ്പെക്ടർ ശ്രീ. ദേവരാജൻ, സബ് ഇൻസ്പെക്ടർ ശ്രീ. സി. തങ്കപ്പൻ, കോൺസ്റ്റബിൾ ശ്രീ. എസ്. വേണുഗോപാലൻ നായർ എന്നിവരെ പ്രതികളാക്കി കരുനാഗപ്പള്ളി 1-ാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ശാരീരിക പീഡനം ഏൽപ്പിച്ചുവെന്ന് ആരോപിച്ചുകൊണ്ട് ഐ. പി. സി. 326, 307, 506, 311, 34-ാം വകുപ്പുകൾ പ്രകാരം, സി. പി. 6/82 നമ്പരായി കേസ് ഫയൽ ചെയ്യുകയും അവിടെനിന്നും അത് കൊല്ലം സെഷൻസ് കോടതിയിലേക്ക് കമിറ്റ് ചെയ്യുകയും എസ്. സി. 83/84 നമ്പരായി ഫയലിൽ സ്വീകരിച്ച് വിചാരണയ്ക്ക് ശേഷം 31-3-1986-ൽ വിവിധ വകുപ്പുകൾ അനുസരിച്ച് 1-ാം പ്രതിയെ 6 വർഷവും 9 മാസവും കഠിനതടവിനും 2-ാം പ്രതിയെ 4 വർഷം കഠിനതടവിനും 3-ാം 4-ാം പ്രതികളെ 7 വർഷം വീതം കഠിനതടവിനും ശിക്ഷിച്ചു. പ്രതികൾ നൽകിയ അപ്പീൽ കൊല്ലം ജില്ലാ കോടതി എസ്. സി. 38/84 നമ്പരായി ഫയലിൽ സ്വീകരിക്കുകയും വാദം കേട്ടശേഷം പ്രതികളെ വെറുതെ വിട്ടയയ്ക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly